## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1471

03-05-2017 ൽ
മറുപടിക്ക്

### സി-ഡിറ്റിലെ പിരിച്ചുവിടലും നിയമനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത് | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി-ഡിറ്റിൽ നിന്നും എത്ര ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട് ; പിരിച്ചുവിട്ടവരുടെ പേരും തസ്തികയും വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരാറടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ആരെയും പിരിച്ചു വിട്ടിട്ടില്ല. എന്നാൽ 12 ജീവനക്കാരെ അവരുടെ കരാർ നിയമന കാലാവധി അവസാനിച്ച മുറയ്ക്ക് ജോലിയിൽ നിന്നും വിടുതൽ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ സി-ഡിറ്റിലെ വിവിധ പ്രോജക്ടുകളിൽ കരാറടിസ്ഥാനത്തിലും കൺസൾട്ടന്റായും എത്ര പേരെ പുതുതായി നിയമിച്ചിട്ടുണ്ട് ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി-ഡിറ്റിലെ വിവിധ വിഭാഗങ്ങളിൽ 27 പേരെ കരാറടിസ്ഥാനത്തിലും 5 പേരെ കൺസൾട്ടന്റായും നിയമിച്ചിട്ടുണ്ട്. ഇതിനു പുറമെ ഹൈക്കോടതി / ജില്ലാകോടതികൾക്ക് ഇ-കോർട്ട് പ്രോജക്ടിന് വേണ്ടി 42 പേരെയും മോട്ടോർ വാഹന വകുപ്പിനു എഫ്.എം.എസ്. എംവിഡി പ്രോജക്ടിനുവേണ്ടി 13 പേരെയും, ഐ.ടി. മിഷന് ഇ-പ്രോക്യൂർമെന്റ് പ്രോജക്ടിന് വേണ്ടി 8 പേരെയും, ട്രീ ബാങ്ക് പ്രോജക്ടിനു വേണ്ടി 3 പേരെയും 179 ദിവസത്തേക്ക് വീതം കരാർ അടിസ്ഥാനത്തിൽ സേവനത്തിനായി നിയമനം നൽകിയിട്ടുണ്ട്. |
| (സി) ഇവരുടെ നിയമനം നടത്തിയത് പത്രപരസ്യം, ഓൺലൈൻ എന്നിവയിലൂടെയോണോ എന്ന് വിശദമാക്കുമോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (സി) പത്രപരസ്യം, ഓൺലൈൻ വിജ്ഞാപനം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെയാണ് അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. പരസ്യങ്ങളുടെ പകർപ്പ് അനുബന്ധം-II ആയി ചേർക്കുന്നു |

| | |
|---|---|
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി-ഡിറ്റിൽ കരാർ/ കൺസൾട്ടന്റ് നിയമനം ലഭിച്ചവരുടെ പേര്, തസ്തിക, അവർക്കു പ്രതിമാസം വെബ് സർവ്വീസ് ഉൾപ്പെടെ നൽകുന്ന വേതനം, ഓവർ ടൈം അലവൻസ്, ബന്ധപ്പെട്ട പ്രോജക്ടിന്റെ പേര് എന്നിവ വിശദമാക്കുമോ ? | (ഡി) വിവരങ്ങൾ അനുബന്ധം-III ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**